**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡ് അഴിമതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യഫെഡിൽ നടന്ന തട്ടിപ്പിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന ഫിഷറീസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | മത്സ്യഫെഡിലെ ക്രമക്കേട് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# മത്സ്യഫെഡ് കോമൺ പ്രീ-പ്രോസസിംഗ് സെന്റർ (സി.പി.സി) യിൽ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുണ്ട് എന്ന പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ / ഫിഷറീസ് ഡയറക്ടറുടെ 06/06/2022 ലെ DFTVM/1481/2022 -F3 നമ്പർ ഉത്തരവ് പ്രകാരം നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ട്

## പൊതു വിവരങ്ങൾ

നീണ്ടകര, ശക്തികുളങ്ങര, ഹാർബറുകളിൽ പീലിംഗ് നടത്തുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി (MPEDA) യുടെ ധനസഹായത്തോടെ 2011 -ൽ നിർമ്മിച്ചതാണ് ശക്തികുളങ്ങരയിലുള്ള മത്സ്യഫെഡ് കോമൺ പ്രീ-പ്രോസസിംഗ് സെന്റർ (CPC) പതിനഞ്ച് ടൺ കപ്പാസിറ്റിയുള്ള ഒരു ഫ്ലേക്ക് ഐസ് യൂണിറ്റും പത്ത് ടൺ കാപ്പാസിറ്റിയുള്ള നാല് ചിൽ റൂമും, 200 പീലിംഗ് തൊഴിലാളികളെ ഉൾക്കൊള്ളാവുന്ന രണ്ട് പീലിംഗ് ഹാളും സി.പി.സി യിൽ ഉണ്ട്. ടി സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ നിലവിൽ കൊല്ലം, പത്തനംതിട്ട ജില്ലകളിലായി 10 ഫിഷ് മാർട്ടുകൾ, സഹകരണ ബാങ്കുകൾ/ സംഘങ്ങളുടെ ചുമതലയിലും ഉടമസ്ഥതയിലും പ്രവർത്തിക്കുന്ന 16 ഫ്രാഞ്ചൈസി മാർട്ടുകൾ, 4 അന്തിപ്പച്ച യൂണിറ്റുകൾ (മൊബൈൽ മാർട്ടുകൾ) എന്നിവ പ്രവർത്തിച്ചു വരുന്നു.

## ഉദ്ദേശ ലക്ഷ്യങ്ങൾ

1) നീണ്ടകര, ശക്തികുളങ്ങര ഹാർബറുകളിൽ ചെമ്മീൻ സംസ്കരണ പൂർവ്വ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകളെ പുനരധിവസിപ്പിക്കുക.
2) ഗുണ നിലവാരമുള്ള മത്സ്യം കയറ്റുമതി ചെയ്യുക
3) മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യത്തിന് ന്യായവില ലഭ്യമാക്കുവാനും മധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുവാനുമായി മത്സ്യം സംഭരിക്കുക.
4) ഗുണമേന്മയേറിയ മത്സ്യം ശേഖരിച്ച് തനിമയോടെ ശുചിത്വത്തോടും മിതമായ നിരക്കിലും മത്സ്യഉപഭോക്താക്കൾക്ക് വിപണനം ചെയ്യുക.

## പ്രധാന പ്രവർത്തനങ്ങൾ

1. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും മത്സ്യ മൊത്ത വിതരണക്കാർ , മത്സ്യകർഷകർ എന്നിവർ CPC യിൽ എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തി മത്സ്യം സംഭരിക്കുന്നു.

2. ഫിഷ്മാർട്ടുകൾ, ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ അന്തിപ്പച്ച യൂണിറ്റുകൾ എന്നിവ മുഖേനയും, നേരിട്ടും മത്സ്യവിപണനം നടത്തി വരുന്നു.
3. KMML (2 യൂണിറ്റുകൾ), കൊല്ലം, ആറ്റിങ്ങൽ സ്പോർട്ട്സ് ഹോസ്റ്റലുകൾ, തിരുവനന്തപുരം ജില്ലയിലെ പള്ളിത്തുറ ബേസ് സ്റ്റേഷൻ എന്നീ സ്ഥാപനങ്ങളിലേക്കും മത്സ്യം വിതരണം ചെയ്യുന്നു.

**ഉദ്യോഗസ്ഥ സംവിധാനം.**

കോമൺ പ്രീ - പ്രോസസിംഗ് സെന്ററിന്റെ പൊതുവിലുള്ള മേൽനോട്ട ചുമതല മാനേജർ ഇൻ ചാർജ്ജിൽ നിക്ഷിപ്തമാണ്. 31/07/2014 മുതൽ ടി ചുമതല നിർവ്വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേരും കാലയളവും ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | കാലയളവ് |
|---|---|---|---|
| 1 | ശ്രീ.ജോൺ ഐസക് | മാനേജർ -ഇൻ- ചാർജ്ജ് | 31/07/2014 മുതൽ 31/05/2019 വരെ |
| 2 | ശ്രീ.മുഹമ്മദ് ഷരീഫ് | മാനേജർ -ഇൻ- ചാർജ്ജ് | 01/06/2019 മുതൽ 31/03/2020 വരെ |
| 3 | ശ്രീ.മണിയപ്പൻ | മാനേജർ -ഇൻ- ചാർജ്ജ് | 01/04/2020 മുതൽ 30/04/2021 വരെ |
| 4 | ശ്രീമതി.ലിസി അഗസ്റ്റിൻ | മാനേജർ -ഇൻ- ചാർജ്ജ് | 01/05/2021 മുതൽ 20/10/2021 വരെ |
| 5 | ഡോ. എം.നൗഷാദ് | മാനേജർ -ഇൻ- ചാർജ്ജ് | 20/10/2021 മുതൽ തുടരുന്നു |

ടി സ്ഥാപനത്തിൽ കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന മറ്റു ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

മത്സ്യഫെഡിന്റെ ഉടമസ്ഥതയിലുള്ള കോമൺ പ്രീ - പ്രോസസിംഗ് സെന്ററിലെ അനുബന്ധം (1) ൽ പരാമർശിച്ചിട്ടുള്ള തസ്തികകൾക്കൊന്നും തന്നെ സർക്കാരിന്റെയോ/ രജിസ്ട്രാറുടെയോ അംഗീകാരം നാളിതുവരെയായി ലഭിച്ചിട്ടില്ല. സർക്കാർ/ രജിസ്ട്രാറുടെ അംഗീകാരമില്ലാത്ത തസ്തികകളിലാണ് ടി കരാർ /ദിവസവേതന നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ആയത് നിയമവിരുദ്ധമാണ്.

<u>അന്വേഷണത്തിന് ആധാരമാക്കിയ രേഖകൾ സംബന്ധിച്ച വിവരങ്ങൾ</u>

1. അന്തിപ്പച്ച യൂണിറ്റിൽ നടന്നിട്ടുള്ള വിൽപ്പനയെ സംബന്ധിച്ച ഒർജിനൽ ഡെയിലി സെയിൽസ് റിപ്പോർട്ടുകൾ, നാൾവഴി, പർച്ചേസ് - സെയിൽസ് രജിസ്റ്ററുകൾ, ബാങ്ക് പാസ്സ് ബുക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ്സ്, ടാലി സ്റ്റേറ്റ്മെന്റ് മറ്റ് ലഭ്യമായ അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കിയാണ് ടി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 2018-19 ലെയും, 2019-20 സാമ്പത്തിക വർഷത്തിലെ 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലെയും ഒർജിനൽ ഡെയിലി സെയിൽസ് റിപ്പോർട്ടുകൾ പരിശോധനയ്ക്ക് നൽകുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമായിട്ടില്ല. ആയതിനാൽ ടി കാലയളവിലെ സെയിൽസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൂടി അടിസ്ഥാനപ്പെടുത്തിയാണ് ടി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കോമൺ പ്രീ - പ്രോസസിംഗ് സെന്റർ ശക്തികുളങ്ങരയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള അന്വേഷണത്തിന് ആധാരമായ പത്ര വാർത്തക്കുറിപ്പിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിക്കുന്ന റിപ്പോർട്ടും കണ്ടെത്തലുകളും വിശകലനവും പ്രത്യേകമായി ഉൾപ്പെടുത്തിയിരിക്കുന്നു.

1. <u>കോമൺ പ്രീ - പ്രോസസിംഗ് സെന്റർ ശക്തികുളങ്ങരയിലെ പ്രവർത്തനങ്ങൾ</u>

   മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, മത്സ്യമൊത്ത വിതരണക്കാർ, മത്സ്യകർഷകർ, അഡാക്ക്, എഫ്.എഫ്.ഡി.എ എന്നിവിടങ്ങളിൽ നിന്നും CPC യിൽ എത്തിക്കുന്ന മത്സ്യങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പു വരുത്തി മത്സ്യം സംഭരിച്ച് തരംതിരിച്ച് വൃത്തിയാക്കി കേടു കൂടാതെ ശീതീകരിച്ച് ഫിഷ് മാർട്ടുകൾ, ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ എന്നിവ മുഖേന ഗുണമേന്മയേറിയ മത്സ്യം ശുചിത്വത്തോടും മിതമായ നിരക്കിലും കേരളത്തിലെ മത്സ്യഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്ന ഒരു സ്ഥാപനമാണ് മത്സ്യഫെഡിന്റെ ഉടമസ്ഥതയിൽ കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ പ്രവർത്തിച്ചു വരുന്ന കോമൺ പ്രീ - പ്രോസസിംഗ് സെന്റർ. നേരിട്ടും ഈ സ്ഥാപനത്തിൽ നിന്നും മത്സ്യം വിപണനം നടത്തി വരുന്നു കൂടാതെ പൊതു മേഖല സർക്കാർ സ്ഥാപനങ്ങളായ KMML ന്റെ 2 യൂണിറ്റുകളിലും, കൊല്ലം, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്പോർട്ട്സ് ഹോസ്റ്റലുകളിലേക്കും

തിരുവനന്തപുരം ജില്ലയിലെ പാളയം ഫിഷ് മാർട്ട്, പള്ളിത്തുറ ബേസ് സ്റ്റേഷൻ എന്നീ സ്ഥാപനങ്ങളിലേക്കും മത്സ്യം വിതരണം ചെയ്തു വരുന്നു.

അതിവേഗം ചീത്തയാകുവാൻ സാധ്യതയുള്ള മത്സ്യങ്ങളുടെ ക്രയവിക്രയം നടക്കുന്ന സ്ഥാപനമെന്ന നിലയിൽ അതീവ ജാഗ്രതയോടും, കൃത്യതയോടും, സമയബന്ധിതമായും കൈകാര്യം ചെയ്യേണ്ട കാര്യങ്ങളാണ് മത്സ്യം വാങ്ങുന്നതു മുതൽ വിപണനം നടത്തുന്നതു വരെയുള്ള പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ടത്. എന്നാൽ ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ അത്തരമൊരു ജാഗ്രത മത്സ്യവിൽപ്പനയിലോ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിലോ ഇല്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യം വന്നിട്ടുള്ളതാണ്. മത്സ്യം വാങ്ങുന്നതും വിൽക്കുന്നതുമായ പ്രക്രിയ രാപ്പകൽ ഭേദമില്ലാതെ തുടർ പ്രക്രിയ പോലെ നടക്കുന്നതു കൊണ്ട് കൃത്യമായി ഇതുമായി ബന്ധപ്പെട്ട കണക്കുകൾ എഴുതി സൂക്ഷിക്കുവാൻ കഴിയുന്നില്ലെന്ന വാദം അംഗീകരിക്കുവാനാവില്ല. ഒരു ദിവസത്തെ വ്യാപാരക്കണക്ക് ആരംഭിക്കുന്നതിനും ആ ദിവസത്തെ വ്യാപാര കണക്ക് അവസാനിപ്പിക്കുന്നതിനും നിശ്ചിത സമയം തീരുമാനിക്കപ്പെടേണ്ടതായുണ്ട്. ആയത് ഇല്ലാത്തതു കൊണ്ട് തന്നെ കണക്കെഴുത്തിൽ നിരവധിയായ പോരായ്മകൾ (ക്രമക്കേടുകൾ) കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ടി പോരായ്മകൾ കേവലം ദിവസങ്ങളുടെ പരിശോധന കൊണ്ട് കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുവാൻ കഴിയാത്ത തരത്തിലുള്ളതാണ്.

കോമൺ പ്രീ – പ്രോസസിംഗ് സെന്ററിൽ നടന്നുവരുന്ന മത്സ്യ വ്യാപാരവുമായി ബന്ധപ്പെട്ട് ബേസ് സ്റ്റേഷനുകൾ, ഫിഷ് മാർട്ടുകൾ, ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റ് എന്നിവിടങ്ങളിൽ പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ 03/12/2021 –ൽ പുറപ്പെടുവിച്ചിട്ടുള്ള മത്സ്യഫെഡ്/എം.1/4047/2017 –ാം നമ്പർ സർക്കുലറിലെ താഴെ പറയുന്ന പല പ്രധാനപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളും (അനുബന്ധം (2)) പാലിക്കുന്നതിൽ കോമൺ പ്രീ – പ്രോസസിംഗ് സെന്റർ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.

1. മത്സ്യഫെഡ് ബേസ് സ്റ്റേഷനിൽ (CPC) മത്സ്യം വാങ്ങുന്നത് മത്സ്യഫെഡ് വിഭാവനം ചെയ്ത മൊബൈൽ ആപ്പ് വഴി ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ആളിൽ നിന്നായിരിക്കണമെന്ന വ്യവസ്ഥ പാലിച്ചു കാണുന്നില്ല. മൊബൈൽ

ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യവിതരണക്കാരെ നേരിലോ ഫോൺ മുഖേനയോ ബന്ധപ്പെട്ടാണ് മത്സ്യം വാങ്ങുന്നത്. ആയത് അഴിമതിക്കും സ്വജനപക്ഷപാതത്തിനും ഇട വരുത്തുന്നതാണ്.

2. Goods received note പ്രകാരം ഒരു ദിവസത്തെ മൊത്തം മത്സ്യത്തിന്റെ അളവ് പ്രകാരം, ആരിൽ നിന്നാണ് മത്സ്യം വാങ്ങിയത്, പണമായോ / കടമായോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ടാലി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. 2022 ഏപ്രിൽ മാസം മുതൽ മാത്രമാണ് ടി മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രവർത്തിച്ചു വരുന്നത്.
3. ഓരോ ബേസ് സ്റ്റേഷനിലും മത്സ്യം വാങ്ങിയ വിലയുടെ അടിസ്ഥാനത്തിലും പിന്നീട് വരുവാൻ സാധ്യതയുള്ള അനുബന്ധ ചെലവുകളുടെയും അടിസ്ഥാനത്തിൽ വിൽപ്പന വില നിർണ്ണയിക്കേണ്ടത് ബേസ് സ്റ്റേഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ കോമൺ പ്രീ -പ്രോസസിംഗ് സെന്ററിൽ ഇത്തരമൊരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഡെവലപ്മെന്റ് ആഫീസറും, മാർക്കറ്റിംഗ് ആഫീസറും, സൂപ്പർവൈസറും ചേർന്നാണ് മത്സ്യവില നിർണ്ണയിക്കുന്നത്. മത്സ്യം വാങ്ങുന്നതിനായി രൂപീകരിക്കേണ്ട മോണിറ്ററിംഗ് കമ്മിറ്റിയിലെ പ്രധാന അംഗമായ മാനേജർ ഇൻ ചാർജ്ജിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് വില നിർണ്ണയിക്കപ്പെടുന്നത്.
4. വിവിധ സ്ഥാപനങ്ങളിൽ മത്സ്യം വിൽപ്പന നടത്തിയതിന്റെ ഇടപാട് വിവരങ്ങൾ ടാലി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ മാത്രമാണ് ടാലി സോഫ്റ്റ് വെയറിൽ ടി രേഖപ്പെടുത്തലുകൾ വരുത്തുന്നത്.
5. മത്സ്യം വാങ്ങിയതിന്റെ പണം നൽകുമ്പോൾ പാർട്ടി/ സ്ഥാപനം തരുന്ന ബിൽ/ ഇൻവോയിസ് Goods received note -മായി ഒത്തു നോക്കി ശരിയാണെന്നും സ്റ്റോക്ക് രജിസ്റ്ററിലെ ഇത്രാമത്തെ പേജ് നമ്പരിൽ സ്റ്റോക്കായി എടുത്തിട്ടുണ്ടെന്ന് ബില്ലിൽ ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

6. വിൽപ്പനയ്ക്കായി ശേഖരിച്ച മത്സ്യം ഏതെങ്കിലും കാരണത്താൽ മോശമാകുന്ന സാഹചര്യത്തിൽ ടി മത്സ്യം എന്തു ചെയ്യണമെന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ബേസ് സ്റ്റേഷൻ മാനേജർ/ ജില്ലാ മാനേജർ, മാർക്കറ്റിംഗ് ഓഫീസർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല.

**കോമൺ പ്രീ – പ്രോസസിംഗ് സെന്ററിൽ മത്സ്യം വാങ്ങുന്നതിനും വിൽക്കുന്നതിലും കണ്ടെത്തിയ ചില ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.**

| Date | Items | Opening Balance (Qty) | Rate | Purchase | | Sale | | | Closing Balance | Value |
|---|---|---|---|---|---|---|---|---|---|---|
| | | | | Qty | Value | Qty | Rate | Value | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 23/11/21 | ആവോലി (w) | 72.33 Kg | 480 | NIL | NIL | 77.43 kg | 648 | 50174.64 | -- | -- |
| 24/11/21 | ,, | NIL | 553 | 62 Kg | 34300 | 20.12 kg | 634 | 12751.60 | 41.88 kg | 22196.40 |
| 25/11/21 | ,, | 41.88 Kg | 530 | 45.30 Kg | 21744 | 57.20 kg | 639 | 36573.00 | 29.98 kg | 14390.4 |
| 26/11/21 | ,, | 30.00 Kg | 480 | 67.20 Kg | 34970 | 40.60 kg | 553 | 22459.00 | 56.60 kg | 30564.00 |
| | | | | | | | | | | |

കോമൺ പ്രീ – പ്രോസസിംഗ് സെന്ററിൽ Stock Consolidation Statement പ്രകാരമുള്ള 3 ദിവസത്തെ കണക്കാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ആയത് പ്രകാരം;

23/11/2021 -ലെ സ്റ്റോക്കിൽ 72.33 Kg ആവോലി (w) ഉണ്ടായിരുന്നു. ആയതിന് നിശ്ചയിച്ചിരുന്ന നിരക്ക് (1 kg) 480/- രൂപ എന്നാണ്. എന്നാൽ അന്നേ ദിവസം സ്റ്റോക്കിൽ ഉണ്ടായിരുന്ന 72.33 kg ആവോലിക്ക് പുറമെ 5.10 kg കൂടി അധികമായി വില്പന നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

തുടർന്ന്; 24/11/2021 -ൽ Opening balance ഇല്ല. അന്നേ ദിവസം തന്നെ 62 kg മത്സ്യം 34,300/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. നിരക്ക് 553/- രൂപ (34300/62 kg = 553.22) ടി 62 kg മത്സ്യം വിറ്റിട്ടുണ്ട്. നിരക്ക് 634/- രൂപ (12751.60/20.12 kg=633.77) ബാക്കി വന്നത് 41.88 kg

മത്സ്യമാണ്. അതിന്റെ വാല്യൂ കാണിച്ചിരിക്കുന്നത്. 22196.40 രൂപ എന്നാണ്. നിരക്ക് 530/- രൂപ (22196.40/41.88=530)

ടി മത്സ്യം 62kg വാങ്ങിയത് 1 kgക്ക് 553/- രൂപ നിരക്കിലാണ്. അതിൽ 20.12 kg മത്സ്യം വിറ്റിട്ടുള്ളതാണ്. വിറ്റ നിരക്ക് 634/- രൂപ. എന്നാൽ ടി നിരക്കുകളിൽ വാങ്ങിയതും വിറ്റതുമായ 62 kg മത്സ്യത്തിൽ വില്ക്കാൻ കഴിയാതിരുന്ന 41.88 kg മത്സ്യത്തിന്റെ നിരക്ക് 530/- രൂപയാകുമ്പോൾ 1 kg ക്ക് 23/- രൂപ കുറച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം 41.88 kg യ്ക്ക് 964.24 രൂപയുടെ കുറവ് വരുന്നതാണ്.

തുടർന്ന് 25/11/2021 -ൽ 1 kg യ്ക്ക് 530/- രൂപ നിരക്കിൽ വാങ്ങിയ 45.30 kg മത്സ്യം ഉൾപ്പെടെ 24/11/2021 ലെ opening balance 41.88 kg മത്സ്യവും ചേർത്ത് ആകെ 87.18 kg മത്സ്യത്തിൽ നിന്നും 57.20 kg മത്സ്യം വിറ്റഴിച്ചിട്ടുള്ളതും ബാക്കി വന്ന 29.98 kg മത്സ്യത്തിന് 480/- രൂപ നിരക്ക് നിശ്ചയിച്ച് രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

വീണ്ടും 26/11/2021 -ൽ 67.20 kg മത്സ്യം വാങ്ങുകയും അതിൽ 40.60 kg വില്ക്കുകയും (നിരക്ക് 553/- രൂപ ) 56.60 kg ബാക്കിയാകുകയും ചെയ്തിട്ടുള്ളതാണ്.

മേൽ സൂചിപ്പിച്ച തരത്തിൽ ഓരോ ദിവസത്തേക്ക് വില്പനയ്ക്കായി വാങ്ങുന്ന മത്സ്യത്തിന്റെ ആകെ തൂക്കത്തിന്റെ പകുതിയോ അതിൽ താഴെ മാത്രമോ 'ആണ് അന്നന്ന് വിപണനം നടക്കുന്നത്. ബാക്കിയാകുന്ന മത്സ്യത്തിന്റെ മൂല്യത്തിൽ ഗണ്യമായ കുറവ് വരുന്നതും തന്മൂലം സ്ഥാപനത്തിന് നഷ്ടം സംഭവിക്കാവുന്നതുമാണ്.

23/11/2021 മുതൽ 26/11/2021 വരെയുള്ള 3 ദിവസത്തെ കണക്കിൽ ഉദ്ദേശം 91,014/- രൂപയ്ക്ക് വാങ്ങിയ മത്സ്യത്തിന്റെ വില്പനയിൽ നിന്നും വാങ്ങിയ വിലയ്ക്ക് തന്നെ വിറ്റതായി കണക്കാക്കിയാൽ തന്നെ 71,783.60 രൂപയാണ് വിറ്റ് വരവായിട്ടുള്ളത്. ഉദ്ദേശം 19231.60/- രൂപയുടെ കുറവ് ടി കണക്ക് പ്രകാരം കാണുന്നു.

ആയത് സ്ഥാപനത്തിന്റെ നടത്തിപ്പിലുള്ള കെടുകാര്യസ്ഥതയും ബോധപൂർവ്വമായ സാമ്പത്തിക ക്രമക്കേടുകൾക്കുള്ള വഴി ഒരുക്കലും ആണ്.

2. <u>അന്തിപച്ച യൂണിറ്റുകളുടെ പ്രവർത്തനം</u>

കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യഫെഡ് കോമൺ പ്രീ-പ്രോസസിംഗ് സെന്റർ (സി.പി.സി) - ന്റെ നിയന്ത്രണത്തിൽ കീഴിൽ 4 അന്തിപ്പച്ച യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും മത്സ്യമൊത്ത വിതരണക്കാർ, മത്സ്യ കർഷകർ, അഡാക്ക്, എഫ്.എഫ്.ഡി.എ എന്നിവിടങ്ങളിൽ നിന്നും എല്ലാ ദിവസവും രാവിലെ ഏഴ് മണിക്ക് ശേഷം ലഭിക്കുന്ന

മത്സ്യത്തിന്റെ ഗുണ മേന്മ ഉറപ്പ് വരുത്തി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സംഭരിക്കുകയും, അന്തിപച്ച വാഹനങ്ങളിലേയ്ക്ക് ആവശ്യമായ മത്സ്യങ്ങൾ അന്തിപച്ച രജിസ്റ്ററിൽ രേഖപ്പെടുത്തി വിൽപ്പനയ്ക്കായി നൽകുന്നു. ആയത് വിൽപ്പന നടത്തിയ ശേഷം വിൽപ്പന തുക അതാത് വാഹനത്തിലെ ലീഡർമാർ സി.പി.സി-യിൽ തന്നെയുള്ള ലോക്കറിൽ സൂക്ഷിക്കുകയും വിൽക്കാതെ ബാക്കി വരുന്ന മത്സ്യം രാത്രിയിൽ തന്നെ സൂപ്പർവൈസർമാരെ ഏൽപ്പിക്കുകയും ചെയ്യുന്നു. അന്തിപ്പച്ച വാഹനത്തിലെ ലീഡർമാർ അടുത്ത ദിവസം ഡെയിലി സെയിൽസ് റിപ്പോർട്ടും അതു പ്രകാരമുള്ള തുകയും അക്കൗണ്ടന്റിനെ ഏൽപ്പിക്കുന്നു. ഇപ്രകാരം ലഭിക്കുന്ന 4 അന്തിപ്പച്ച യൂണിറ്റുകളിലേയും തുക അക്കൗണ്ടന്റ് / അല്ലെങ്കിൽ അക്കൗണ്ടന്റ് ചുമതലപ്പെടുത്തുന്ന വ്യക്തി ബാങ്കിൽ നിക്ഷേപിക്കുകയുമാണ് ചെയ്തു വരുന്നത്. 2018 ഡിസംബർ മാസത്തിലാണ് അന്തിപച്ച വാഹനങ്ങളിലൂടെയുള്ള മത്സ്യ വിപണനം സി.പി.സി ആരംഭിക്കുന്നത്. അന്നന്നത്തെ മത്സ്യം അന്ന് തന്നെ തനിമയോടെ ശുചിത്വത്തോടും മിതമായ നിരക്കിലും മത്സ്യ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യഫെഡ് ആരംഭിച്ച പദ്ധതിയാണിത്. അന്തിപ്പച്ച യൂണിറ്റുകൾ മുഖേന 2018 ഡിസംബർ മാസം മുതൽ 2021 ഡിസംബർ 15 വരെ നടത്തിയിട്ടുള്ള മത്സ്യ വിപണനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| Month | Anthipacha Sales Receipt/ Sales Register | Cash Book/ Tally | Difference (Exess/Defecit) | Remarks |
|---|---|---|---|---|
| December 18 | 2477370 | 2476981 | 389 | |
| January 19 | 2640159 | 2653200 | -13041 | |
| February 19 | 3055703 | 3055358 | 345 | |
| March 19 | 3184835 | 3184835 | 0 | |
| April 19 | 2979516 | 2978926 | 590 | |
| May 19 | 3122436 | 3122437 | -1 | |
| June 19 | 3292142 | 3292144 | -2 | |
| July 19 | 3650284 | 3650278 | 6 | |
| August 19 | 3032986 | 3032986 | 0 | |
| September 19 | 2499259 | 2499411 | -152 | |
| October 19 | 3139111 | 3139111 | 0 | |

| | | | | |
|---|---|---|---|---|
| November 19 | 3246242 | 3246292 | -50 | |
| December 19 | 3877429 | 3877341 | 88 | |
| January 20 | 4561103 | 4561105 | -2 | |
| February 20 | 5255767 | 5255767 | 0 | |
| March 20 | 6043106 | 6048383 | -5277 | |
| April 20 | 7038517 | 7029570 | 8947 | |
| May 20 | 8559297 | 8558582 | 715 | |
| June 20 | 8425644 | 8425409 | 235 | |
| July 20 | 3596259 | 3566921 | 29338 | |
| August 20 | 6097765 | 6097763 | 2 | |
| September 20 | 7167336 | 7108543 | 58793 | |
| October 20 | 3503900.5 | 3387861 | 116039.5 | |
| November 20 | 5134605 | 5120656 | 13949 | |
| December 20 | 6320184 | 6338318 | -18134 | |
| January 21 | 7283356 | 7049571 | 233785 | |
| February 21 | 6627557 | 6363724 | 263833 | |
| March 21 | 7622032 | 7200516 | 421516 | |
| April 21 | 7457638.21 | 5124216 | 2333422.21 | |
| May 21 | 7413943.98 | 4573050 | 2840893.98 | |
| June 21 | 8889704.11 | 8320122.65 | 569581.46 | |
| July 21 | 8076926.5 | 7706480 | 370446.5 | |
| August 21 | 6737093 | 6339548 | 397545 | |
| September 21 | 6793880.48 | 5625472 | 1168408.48 | |
| October 21 | 6317510.5 | 5778984 | 538526.5 | |
| November 21 | 6417216.49 | 6456872 | -39655.51 | |
| December 21 (Upto 15/12/21) | 3473033.96 | 3470033 | 3000.96 | |
| **Total** | **195010847.7** | **185716766.7** | **9294081.08** | |

മേൽ കാണിച്ചിട്ടുള്ള കണക്കുകൾ പരിശോധിച്ചതിൽ അന്തിപ്പച്ച യൂണിറ്റുകളിലെ ലീഡർമാർ മത്സ്യ വിപണത്തിനു ശേഷം കോമൺ പ്രീ - പ്രോസസിംഗ് സെന്ററിൽ എല്ലാ ദിവസവും നൽകുന്ന ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള തുകയും നാൾവഴി / ക്യാഷ്ബുക്കിലേയും, ടാലി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള തുകയും തമ്മിൽ 92,94,081.08/- രൂപയുടെ വ്യത്യാസം ഉള്ളതായി കാണുന്നു. കാഷ് ബുക്ക്/

ടാലി പ്രകാരമുള്ള തുക മാത്രമാണ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളത്. സി.പി.സി യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 2018 ഡിസംബർ മാസം മുതൽ ആരംഭിച്ച അന്തിപ്പച്ച യൂണിറ്റുകളിലൂടെയുള്ള മത്സ്യവിൽപ്പനയിലൂടെ ലഭ്യമായ തുക ബന്ധപ്പെട്ട അന്തിപ്പച്ച യൂണിറ്റ് ലീഡർമാരിൽ നിന്നും വാങ്ങി അതേ ദിവസം തന്നെ ബാങ്കിൽ നിക്ഷേപിക്കേണ്ട ചുമതല മേൽ കാലയളവിൽ ടി സ്ഥാപനത്തിലെ കരാർ ജീവനക്കാരനും അക്കൗണ്ടന്റുമായിരുന്ന ശ്രീ. മഹേഷിൽ നിക്ഷിപ്തമായിരുന്നതിനാൽ ടിയാൻ നടത്തിയിട്ടുള്ള സാമ്പത്തിക തിരിമറിയുടെ ഫലമായാണ് ടി തുക കോമൺ പ്രീ - പ്രോസസിംഗ് സെന്ററിന് നഷ്ടമായിട്ടുള്ളതെന്ന് ബോധ്യമായിട്ടുണ്ട്. മേൽ കാലയളവിൽ അന്തിപച്ച യൂണിറ്റുകളിൽ നടന്നിട്ടുള്ള മത്സ്യവിൽപ്പനയുമായി ബന്ധപ്പെട്ട ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുകകൾ മറച്ചു വച്ചു കൊണ്ട് യഥാർത്ഥ വിൽപ്പന തുകയിലും വളരെ കുറഞ്ഞ തുക ക്യാഷ് ബുക്കിലും ടാലിയിലും ഒരു പോലെ രേഖപ്പെടുത്തുകയും ടി തുക മാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു കൊണ്ടാണ് ടിയാൻ 92,94,081.08/- രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തിയിട്ടുള്ളതെന്ന് ബോധ്യമായിട്ടുണ്ട്. അന്തിപച്ച യൂണിറ്റുകളിൽ നിന്നും അതാതു ദിവസം വിൽപ്പനയ്ക്ക് ശേഷം സി.പി.സിയിൽ ലഭ്യമാക്കുന്ന ഡെയിലി സെയിൽസ് റിപ്പോർട്ടുമായി നാൾവഴിയിലേയും / ടാലിയിലേയും രേഖപ്പെടുത്തലുകൾ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഒത്തു നോക്കാതിരുന്നതിനാലാണ് ടിയാന് ടി ക്രമക്കേടുകൾ നടത്തുന്നതിന് സഹായകരമായി തീർന്നിട്ടുള്ളത്. 15/12/2021 -ന് ശേഷം ടിയാനെ അക്കൗണ്ടന്റിന്റെ ചുമതലകളിൽ നിന്നും ഒഴിവാക്കിയിരുന്നു.

ആയതിനാൽ മേൽ കാലയളവിൽ ടി സ്ഥാപനത്തിന്റെ മേൽനോട്ട ചുമതലയുള്ള മാനേജറിന്റെ അധിക ചുമതല വഹിച്ചിരുന്ന കൊല്ലം മത്സ്യഫെഡ് ജില്ലാ മാനേജരുടെയും കൺകറന്റ് ആഡിറ്ററുടെയും ഭാഗത്ത് നിന്നും നിയമാനുസൃതം ഉണ്ടാകേണ്ടിയിരുന്ന സമയബന്ധിത പരിശോധനകളും മേൽ നോട്ട ചുമതലകളും യഥാവിധം നിർവഹിക്കുന്നതിലുണ്ടായ വിഴ്ചയാണ് ടി സാമ്പത്തിക ക്രമക്കേട് തുടർന്ന് കൊണ്ടു പോകാൻ കാരണമായിട്ടുള്ളതെന്നും ബോധ്യമായിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് മേൽ കാലയളവിൽ അക്കൗണ്ടന്റായിരുന്ന ശ്രീ.മഹേഷിനെതിരെ ശക്തികുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 406/22 പ്രകാരം FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു.

3. <u>ഫിഷ് മാർട്ടുകളുടെയും ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളുടെയും പ്രവർത്തനങ്ങൾ</u>

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, മത്സ്യമൊത്ത വിതരണക്കാർ, മത്സ്യകർഷകർ, അഡാക്ക്, എഫ്.എഫ്.ഡി.എ എന്നിവിടങ്ങളിൽ നിന്നും സി.പി.പി.സി.യിൽ എത്തിക്കുന്ന മത്സ്യങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തി സംഭരിക്കുന്ന മത്സ്യം കോമൺ പ്രീ - പ്രോസസിംഗ് സെന്ററിലെ പർച്ചേസ് രജിസ്റ്ററിലും ഗുഡ്സ് റീസീവ്ഡ് നോട്ടിലും സൂപ്പർവൈസർമാർ രേഖപ്പെടുത്തുകയും എല്ലാ ദിവസവും രാവിലെ 6 മണിയ്ക്ക് മുമ്പായി മത്സ്യഫെഡ് ഫിഷ് മാർട്ട്, ഫ്രാഞ്ചൈസി മാർട്ട് എന്നിവിടങ്ങളിലെ ഓർഡർ സ്വീകരിച്ച് ഡെലിവറി നോട്ടിൽ രേഖപ്പെടുത്തി ടി സ്ഥാപനങ്ങളിലേയ്ക്ക് മത്സ്യം വിതരണം ചെയ്തു വരുന്നു. ഈ ആവശ്യത്തിലേയ്ക്കായി മത്സ്യഫെഡിന്റെ ഉടമസ്ഥതയിലുള്ള 3 ഇൻസുലേറ്റഡ് വാഹനങ്ങളും 3 കോൺട്രാക്ട് വാഹനങ്ങളും (ഒരു ദിവസം 2 കോൺട്രാക്ട് വാഹനങ്ങളാണ് ആവശ്യമായി വരുന്നത്) പ്രവർത്തിക്കുന്നുണ്ട്. നിലവിൽ കോമൺ പ്രീ - പ്രോസസിംഗ് സെന്ററിന്റെ നിയന്ത്രണത്തിൽ കൊല്ലം, പത്തനംതിട്ട ജില്ലകളിലായി 10 ഫിഷ് മാർട്ടുകളും 16 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും പ്രവർത്തിച്ചു വരുന്നു. മത്സ്യഫെഡ് ഫിഷ് മാർട്ടുകളിൽ നിന്നുള്ള വിൽപ്പന തുക അതാത് ദിവസം ഫിഷ് മാർട്ടിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിന്റെ counter foil വാട്ട്സ് ആപ്പ് മുഖേന ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർക്ക് ലഭ്യമാക്കുകയും ചെയ്തു വരുന്നു. ഫിഷ് മാർട്ടുകളുടെ അക്കൗണ്ടിൽ നിന്നും ആവശ്യാനുസരണം തുക കോമൺ പ്രീ - പ്രോസസിംഗ് സെന്ററിലെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു. മാസത്തിൽ ഒരു പ്രാവശ്യമാണ് സാധാരണയായി ടി തുക കോമൺ പ്രീ - പ്രോസസിംഗ് സെന്ററിലെ അക്കൗണ്ടിലേക്ക് മാറ്റുന്നത്.

ഫ്രാഞ്ചൈസി മാർട്ടുകളിൽ നിന്നുള്ള വിൽപ്പന തുക കോമൺ പ്രീ - പ്രോസസിംഗ് സെന്ററിൽ നിന്ന് ബില്ല് നൽകുന്നതനുസരിച്ച് ബന്ധപ്പെട്ട ബാങ്ക് / സംഘം കോമൺ പ്രീ - പ്രോസസിംഗ് സെന്ററിലെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു വരുന്നു.

കോമൺ പ്രീ - പ്രോസസിംഗ് സെന്ററിൽ നിന്നും ഫിഷ് മാർട്ടുകളിൽ വിൽപ്പനയ്ക്കായി എത്തിച്ചു കൊടുക്കുന്ന പലതരം മത്സ്യങ്ങൾ അതാത് ദിവസം തന്നെ ഫിഷ് മാർട്ടുകളിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയതിനു ശേഷം കോമൺ പ്രീ - പ്രോസസിംഗ് സെന്റർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് വിൽപ്പന നടത്തേണ്ടതും, വിൽപ്പന നടത്തിയതും ബാക്കി വരുന്നതുമായി മത്സ്യങ്ങളുടെ വിവരങ്ങൾ സ്റ്റോക്ക് ആന്റ് സെയിൽസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനു ശേഷം അതാത്

ദിവസത്തെ വിറ്റു വരവ് തുക അതാത് ദിവസം രണ്ട് മണിയ്ക്ക് മുമ്പ് തന്നെ മത്സ്യഫെഡിന്റെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചതിനു ശേഷം അതാത് ദിവസത്തെ സ്റ്റോക്കും വിൽപ്പന നടത്തിയ സംഖ്യയും ബാങ്കിൽ അടച്ച തുകയും, ചെലവ് വിവരങ്ങളും അന്നു തന്നെ കോമൺ പ്രീ - പ്രോസസിംഗ് സെന്ററിൽ ഉദ്യേഗസ്ഥരെ അറിയിക്കുന്നതിനും ഫിഷ് മാർട്ടുകളിലെ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ തെറ്റായ വിവരങ്ങൾ കോമൺ പ്രീ - പ്രോസസിംഗ് സെന്റർ ഉദ്യോഗസ്ഥരെ ധരിപ്പിച്ചു കൊണ്ട് കോഴഞ്ചേരി ഫിഷ് മാർട്ടിലെ ചുമതലക്കാരിയായ ശ്രീമതി. അനിത കുമാരി 9,53,683/- രൂപ അപഹരിച്ചതുമായി ബന്ധപ്പെട്ട് ആറന്മുള പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. (FIR No. 1118 dated 2/11/21) ഫിഷ് മാർട്ടുകളിൽ യഥാസമയം കോമൺ പ്രീ - പ്രോസസിംഗ് സെന്റർ ഉദ്യോഗസ്ഥർ പരിശോധനയോ മേൽനോട്ടമോ നടത്താതിരുന്നതിനാലാണ് ടി സാമ്പത്തിക തിരിമറി നടന്നതിന് കാരണമായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ കോമൺ പ്രീ - പ്രോസസിംഗ് സെന്ററിന്റെ നിയന്ത്രണത്തിൽ കൊല്ലം, പത്തനതിട്ട ജില്ലകളിലെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചു വരുന്ന 10 ഫിഷ് മാർട്ടുകളിലും വിശദമായ പരിശോധന നടത്തേണ്ടതായുണ്ട്. ആയതിന് കൂടുതൽ സമയം ആവശ്യമാണ്.

വകുപ്പ് തലത്തിൽ കോമൺ പ്രീ - പ്രോസസിംഗ് സെന്റർ ഉൾപ്പെടെയുള്ള മത്സ്യഫെഡ് സ്ഥാപനങ്ങളിൽ പരിശോധനയോ മേൽനോട്ടമോ നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതു കാരണം ടി സ്ഥാപനങ്ങളിൽ നടക്കുവാൻ സാധ്യതയുള്ള ക്രമരഹിതവും നിയമാനുസൃതവുമല്ലാത്ത നടപടികൾ യഥാസമയം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും കഴിയുന്നില്ല. ഇത് പരിഹരിക്കുന്നതിന് മത്സ്യഫെഡിൽ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ഒരു പരിശോധന വിഭാഗം സ്ഥിരമായി ഉണ്ടാകുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതാണ്.

## <u>അന്വേഷണത്തിലെ കണ്ടെത്തലുകൾ</u>

1) മത്സ്യഫെഡ് കോമൺ പ്രീ -പ്രേസസിംഗ് സെന്ററിലെ കരാർ ജീവനക്കാരനും അക്കൗണ്ടന്റുമായിരുന്ന ശ്രീ.മഹേഷ്, അന്തിപ്പച്ച യൂണിറ്റുകളിൽ നിന്നും മത്സ്യം വിറ്റ വകയിൽ ലഭിക്കുന്ന ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ തുക മറച്ചു വച്ചു കൊണ്ട് വളരെ കുറഞ്ഞ തുക മാത്രം നാൾവഴിയിലും (ക്യാഷ് ബുക്ക്) ടാലി സിസ്റ്റത്തിലും രേഖപ്പെടുത്തുകയും ഇപ്രകാരം രേഖപ്പെടുത്തുന്ന തുക മാത്രം ബാങ്കിൽ

നിക്ഷേപിക്കുകയും ചെയ്തു കൊണ്ട് ഈ സ്ഥാപനത്തിലെ 9294081/- രൂപ പലപ്പോഴായി അപഹരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

2) സി.പി.സി യുടെ മേൽനോട്ടച്ചുമതല മാനേജരിൽ നിക്ഷിപ്തമാണെന്നിരിക്കെ, ടി സ്ഥാപനത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ മേൽ യഥാസമയം പരിശോധനയും മേൽനോട്ടവും നടത്തുന്നതിൽ 2018 ഡിസംബർ മാസം മുതൽ 15/12/2021 വരെയുള്ള കാലയളവിൽ ടി സ്ഥാപനത്തിലെ മാനേജരുടെ അധിക ചുമതല വഹിച്ചിരുന്ന കൊല്ലം മത്സ്യഫെഡ് ജില്ലാ മാനേജർമാർ ആയിരുന്ന,
ശ്രീ. ജോൺ ഐസക് (31/07/2014 മുതൽ 31/05/2019 വരെ)
ശ്രീ. മുഹമ്മദ് ഷെറീഫ് (01/06/2019 മുതൽ 31/03/2020 വരെ
ശ്രീ. സി മണിയപ്പൻ (01/04/2020 മുതൽ 30/04/2021 വരെ)
ശ്രീമതി. ലിസി അഗസ്റ്റിൻ (01/05/2021 മുതൽ 20/10/2021 വരെ)
ഡോ. എം.നൗഷാദ് (20/10/2021 മുതൽ തുടർന്നു വരുന്നു.)
എന്നിവർ വീഴ്ച വരുത്തിയിട്ടുള്ളതായി ബോദ്ധ്യമായിട്ടുണ്ട്.

3) 2018 ഡിസംബർ മാസം മുതൽ 15/12/2021 വരെയുള്ള കാലയളവിൽ ടി സ്ഥാപനത്തിന്റെ മേൽനോട്ട ചുമതലയുള്ള മാനേജരുടെ അധിക ചുമതല വഹിച്ചിരുന്ന മത്സ്യഫെഡ് കൊല്ലം ജില്ലാ മാനേജർ കൺകറന്റ് ആഡിറ്റർമാരുടെയും ഭാഗത്തു നിന്നും നിയമാനുസൃതം ഉണ്ടാകേണ്ടിയിരുന്ന സമയബന്ധിത പരിശോധനകളും മേൽനോട്ടച്ചുമതലകളും യഥാവിധം നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് ടി സാമ്പത്തിക ക്രമക്കേട് തുടർന്നു കൊണ്ടു പോകാൻ ശ്രീ. മഹേഷിന് സഹായകമായിട്ടുള്ളത് എന്ന് ബോദ്ധ്യമായിട്ടുണ്ട്.

4) സി.പി.സി യിൽ ഒരു ദിവസത്തെ വ്യാപാര കണക്ക് ആരംഭിക്കുന്നതിനും ആ ദിവസത്തെ വ്യാപാര കണക്ക് അവസാനിപ്പിക്കുന്നതിനും ഒരു നിശ്ചിത സമയം നിർണ്ണയിച്ചു നൽകിയിട്ടില്ലാത്തതിനാൽ വ്യവസ്ഥാപിതമായ രീതിയിൽ (Opening stock + Purchase - Sales + Sales return = Closing Stock) Stock consolidation statement തയ്യാറാക്കുന്നതിൽ ഒരു ഏകീകൃത സ്വഭാവം ഇല്ലായെന്ന് ബോദ്ധ്യമായിട്ടുണ്ട്. Opening Balance രേഖപ്പെടുത്തുന്നതിലും Closing Balance രേഖപ്പെടുത്തുന്നതിലും മിക്ക ദിവസങ്ങളിലും കണ്ടു വരുന്ന വ്യത്യാസം കണ്ടെത്തുന്നതിന് വിശദമായ പരിശോധന ആവശ്യമാണ്.

5) സി.പി.സി യിലെ മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ട് ബേസ് സ്റ്റേഷനുകൾ, ഫിഷ് മാർട്ടുകൾ, ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ എന്നിവിടങ്ങളിൽ പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ 03/12/2021 പുറപ്പെടുവിച്ചിട്ടുള്ള മത്സ്യഫെഡ്/ എം1/4047/2017 -ാം നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സി.പി.സിയിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

   a. സി.പി.സി യിൽ മത്സ്യം വാങ്ങുന്നത് മത്സ്യഫെഡ് വിഭാവനം ചെയ്ത മൊബൈൽ ആപ്പ് വഴി ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ആളിൽ നിന്ന് ആയിരിക്കണം എന്ന വ്യവസ്ഥ പാലിച്ചു കാണുന്നില്ല. മൊബൈൽ ആപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യവിതരണക്കാരെ നേരിലോ ഫോൺ മുഖേനയോ ബന്ധപ്പെട്ടാണ് മത്സ്യം വാങ്ങുന്നത്. ആയത് അഴിമതിക്കും സ്വജന പക്ഷപാതത്തിനും ഇടവരുത്തുന്നതാണ്.
   b. ഓരോ ബേസ് സ്റ്റേഷനിലും മത്സ്യം വാങ്ങിയ വിലയുടെ അടിസ്ഥാനത്തിലും പിന്നീട് വരുവാൻ സാധ്യതയുള്ള അനുബന്ധ ചെലവുകളുടെയും അടിസ്ഥാനത്തിൽ വില്പന വില നിർണ്ണയിക്കേണ്ടത് ബേസ് സ്റ്റേഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ സി.പി.സി യിൽ ഇത്തരം ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഡെവലപ്മെന്റ് ഓഫീസറും മാർക്കറ്റിംഗ് ഓഫീസറും സൂപ്പർ വൈസറും ചേർന്നാണ് മത്സ്യവില നിർണ്ണയിക്കുന്നത്. മത്സ്യം വാങ്ങുന്നതിനായി രൂപീകരിക്കേണ്ട മോണിറ്ററിംഗ് കമ്മിറ്റിയിലെ പ്രധാന അംഗമായ മാനേജർ -ഇൻ -ചാർജ്ജിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് വില നിർണ്ണയിക്കപ്പെടുന്നത്.
   c. വില്പനയ്ക്കായി ശേഖരിച്ച മത്സ്യം ഏതെങ്കിലും കാരണത്താൽ മോശമാകുന്ന സാഹചര്യത്തിൽ ടി മത്സ്യം എന്ത് ചെയ്യണമെന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ബേസ് സ്റ്റേഷൻ മാനേജർ / ജില്ലാ മാനേജർ/ മാർക്കറ്റിംഗ് ഓഫീസർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടതായി കാണുന്നില്ല.

6. സഹകരണ തത്വങ്ങൾക്കും സമ്പ്രദായങ്ങൾക്കും അനുസരിച്ച് കേരള സഹകരണ സംഘം നിയമത്തിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടല്ല ടി

സ്ഥാപനത്തിൽ കണക്കെഴുതുന്നതും ഫയലുകളും മറ്റ് അനുബന്ധ റിക്കാർഡുകളും എഴുതി സൂക്ഷിക്കുന്നതെന്നും, നിയമാനുസൃതമായി വ്യവസ്ഥാപിതമായ മാർഗ്ഗമോ രീതിയോ രേഖകളുടെ പരിപാലനത്തിൽ അവലംബിച്ചിട്ടില്ലാ എന്നും ബോധ്യമായിട്ടുണ്ട്.

**ശുപാർശകൾ**

1. മത്സ്യഫെഡിന്റെ നിയമനം പി.എസ്.സി ക്ക് നൽകിയിട്ടുണ്ടെങ്കിലും മത്സ്യഫെഡിൽ ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. മാനേജീരിയൽ തസ്തികകളിൽ പലതിലും ജീവനക്കാർ ഇല്ലാത്തതിനാൽ നിലവിലുള്ള ജീവനക്കാർക്ക് ഒന്നോ അതിൽ അധികമോ യൂണിറ്റുകളുടെ അധിക ചാർജ്ജ് നൽകിയിട്ടുള്ളതായി കാണുന്നു. പ്രവർത്തന പരിചയവും സാങ്കേതിക വൈദഗ്ധ്യവും ആവശ്യമുള്ള സി.പി.സി പോലെയുള്ള ഒരു സ്ഥാപനത്തിൽ മറ്റ് ഓഫീസുകളിലെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകിയത് സ്ഥാപനത്തിന്റെ കെടുകാര്യസ്ഥതയ്ക്ക് കാരണമായി തീർന്നു. സി.പി.സി യിലെ ഭൂരിഭാഗം ഉദ്യോഗസ്ഥരും കരാർ അടിസ്ഥാനത്തിലോ ദിവസ വേതനത്തിലോ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരാണ്. അവരാണ് സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്തു വരുന്നത്. ആയത് ടി സ്ഥാപനത്തിൽ ഇനിയും ഇത്തരത്തിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നതിന് കാരണമായിത്തീരാം. വിവിധ തസ്തികകളിൽ ആവശ്യമുള്ള ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. സി.പി.സി യിൽ നിലവിൽ ഉപയോഗത്തിൽ ഇരിക്കുന്ന ടാലി സോഫ്റ്റ് വെയറിലൂടെ ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ക്യാഷ് കൈകാര്യം ചെയ്യുന്ന വ്യക്തികൾക്ക് എപ്പോൾ വേണമെങ്കിലും കണക്കുകളിൽ മാറ്റം വരുത്താവുന്നതാണ്. ടാലി സിസ്റ്റത്തിൽ ഒരിക്കൽ വരുത്തിയ രേഖപ്പെടുത്തലുകൾ അതാതു ദിവസം തന്നെ പരിശോധനയ്ക്ക് വിധേയമാക്കി അധികാരപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും കമ്പ്യൂട്ടറിൽ അതാതു ദിവസം തന്നെ ലോക്ക് ചെയ്യേണ്ടതുമാണ്.
3. അക്കൗണ്ടിംഗിനായി ഒരു ഏകീകൃത സമ്പ്രദായം മത്സ്യഫെഡ് നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ തന്നെ സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായി കാണുന്നു. ആകയാൽ അനുയോജ്യമായ നെറ്റ് വർക്കിംഗ് സമ്പ്രദായത്തിലൂടെ

മത്സ്യഫെഡ് ഹെഡ് ഓഫീസിനെയും ജില്ല ഓഫീസുകളെയും സാമ്പത്തിക ക്രയവിക്രയം നടത്തുന്ന അനുബന്ധ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കേണ്ടതാണ്.

4. കോടികളുടെ വിറ്റുവരവുള്ള ബേസ് സ്റ്റേഷനുകളിൽ സ്ഥിരം ജീവനക്കാരനായ അക്കൗണ്ട്സ് ഓഫീസറിൽ കുറയാത്ത തസ്തികയിലുള്ള ഒരു ജീവനക്കാരനെ നിയമിക്കേണ്ടതാണ്. ആയതിന് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

5. ബേസ് സ്റ്റേഷനുകൾക്ക് ഓരോ ഭരണസമിതി അംഗത്തിന് ചാർജ്ജ് നൽകുകയും വ്യാപാര പ്രവർത്തനങ്ങൾ ഭരണസമിതി അംഗം വിലയിരുത്തേണ്ടതുമാണ്.

6. ടി സ്ഥാപനത്തിൽ നടക്കുന്ന മത്സ്യ വ്യാപാരം സംബന്ധിച്ച കണക്കുകൾ രേഖപ്പെടുത്തുന്നതിൽ വളരെയധികം തെറ്റുകൾ കടന്നു കൂടിയിട്ടുള്ളതായി ബോദ്ധ്യമായിട്ടുണ്ട്. ടി തെറ്റുകൾ ബോധപൂർവ്വം വരുത്തിയിട്ടുള്ളതാണോ എന്ന് വിശദമായ പരിശോധനകളിലൂടെ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. ആയതിനാൽ ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തേണ്ടതാണ്.

7. മത്സ്യഫെഡിലും അനുബന്ധ സ്ഥാപനങ്ങളിലും നടക്കുവാൻ സാധ്യതയുള്ള ക്രമരഹിതവും നിയമാനുസൃതവുമല്ലാത്ത ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും മത്സ്യഫെഡിൽ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാറുടെ നേതൃത്വത്തിൽ ഒരു പരിശോധനാ വിഭാഗം സ്ഥിരമായി ഉണ്ടാകുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതാണ്.

8. 2018 ഡിസംബർ മാസം മുതൽ 15/12/2021 വരെ യുള്ള കാലയളവിലെ അന്തിപ്പച്ച യൂണിറ്റുകളിലൂടെ നടന്നിട്ടുള്ള മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ട് നടന്ന 92,94,081/- രൂപയുടെ സാമ്പത്തിക ക്രമക്കേടിന് ഉത്തരവാദിയായ അക്കൗണ്ടന്റ് ആയിരുന്ന ശ്രീ.മഹേഷിൽ നിന്നും ടി തുകയും അതിന്റെ പലിശയും ഈടാക്കിയെടുക്കുന്നതിനും, യഥാസമയം പീരിയോഡിക്കൽ ഇൻസ്പെക്ഷനും, മേൽനോട്ട ചുമതലയും നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ ടി സ്ഥാപനത്തിലെ മാനേജരുടെ അധിക ചുമതല വഹിച്ചിരുന്ന മേൽ പരാമർശിച്ചിട്ടുള്ള മത്സ്യഫെഡ് കൊല്ലം ജില്ലാ മാനേജർമാർക്കെതിരെയും നിയമാനുസൃത തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## സംഗ്രഹം

സർക്കാർ/ രജിസ്ട്രാർ അംഗീകരിച്ച നൽകിയിട്ടുള്ള സ്ഥിരം തസ്തികകൾ ഒന്നും തന്നെ കോമൺ പ്രീ - പ്രോസസിംഗ് സെന്ററിൽ ഇല്ല. മത്സ്യഫെഡ് ജില്ലാ മാനേജർ കൊല്ലത്തിനാണ് കോമൺ പ്രീ - പ്രോസസിംഗ് സെന്ററിന്റെ അധിക ചുമതല നൽകി വരുന്നത്. കരാർ അടിസ്ഥാനത്തിലും ദിവസ വേതന അടിസ്ഥാനത്തിലും ജോലി നോക്കി വരുന്ന 37 ജീവനക്കാരാണ് ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുന്നത്. കോടി കണക്കിന് രൂപയുടെ മത്സ്യ വ്യാപാരമാണ് ടി സ്ഥാപനത്തിൽ പ്രതി വർഷം നടന്നു വരുന്നത്. എന്നാൽ സഹകരണ തത്വങ്ങൾക്കും സമ്പ്രദായങ്ങൾക്കുമനുസരിച്ച് കേരള സഹകരണ സംഘം നിയമത്തിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടല്ല ടി സ്ഥാപനത്തിൽ കണക്കെഴുതുന്നതും ഫയലുകൾ, രജിസ്റ്ററുകൾ, മറ്റനുബന്ധ റിക്കാർഡുകൾ എന്നിവ എഴുതി സൂക്ഷിക്കുന്നത്. R&D രജിസ്റ്റർ, ജനറൽ ലഡ്ജർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. നിയമാനുസൃതമായി വ്യവസ്ഥാപിതമായ മാർഗ്ഗമോ രീതിയോ രേഖകളുടെ പരിപാലനത്തിൽ അവലംബിച്ചിട്ടില്ല. എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററുകളിൽ ഒന്നും തന്നെ പരിശോധന നടത്തി കൃത്യത ഉറപ്പു വരുത്തി മേലൊപ്പു രേഖപ്പെടുത്തുന്നില്ല. അന്തിപ്പച്ച യൂണിറ്റുകളിൽ നിന്നും അന്തിപ്പച്ച യൂണിറ്റ് ലീഡർമാർ daily sales reports ഉം അതു പ്രകാരമുള്ള തുകയും തൊട്ടടുത്ത ദിവസം തന്നെ ടി സ്ഥാപനത്തിലെ കരാർ ജീവനക്കാരനും അക്കൗണ്ടന്റുമായിരുന്ന ശ്രീ.മഹേഷിനെ ഏൽപ്പിക്കുകയാണ് ചെയ്തു വന്നിരുന്നത്. ടിയാൻ ഇപ്രകാരം ലഭിച്ചിരുന്ന യഥാർത്ഥ തുക മറച്ചു വച്ച് കൊണ്ട് കുറഞ്ഞ തുക മാത്രം നാൾവഴിയിലും ടാലിയിലും രേഖപ്പെടുത്തുകയും ടി തുക മാത്രം ബാങ്കിൽ അടയ്ക്കുകയും ചെയ്തു കൊണ്ടാണ് 92,94,081/- രൂപയുടെ പണാപഹരണം പലപ്പോഴായി നടത്തിയിട്ടുള്ളത്. ടി സ്ഥാപനത്തിലെ പ്രവർത്തനങ്ങളുടെ മേൽ നോട്ട ചുമതലയുള്ള മാനേജർ -ഇൻ -ചാർജ്ജ് ( മത്സ്യഫെഡ് കൊല്ലം ജില്ലാ മാനേജർമാർ) ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടിയിരുന്ന സമയബന്ധിത പരിശോധനകളും മേൽ നോട്ടചുമതലകളും യഥാസമയം നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് ഈ ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുവാൻ കഴിയാതിരുന്നതിന് കാരണം. ടി സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെയും സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണ്.

സൂപ്പർവൈസറി ജീവനക്കാരായിരുന്ന ശ്രീ. മണിയപ്പൻ, ശ്രീ.സഞ്ജയ്ഖാൻ, ശ്രീമതി.നീതു (പ്രോജക്ട് ഓഫീസർ) ശ്രീ.അനീഷ് (പ്രോജക്ട് ഓഫീസർ) തുടങ്ങിയ താൽക്കാലിക ജീവനക്കാരെ ഉടനടി നീക്കം ചെയ്യേണ്ടതും സ്ഥിരം ജീവനക്കാരിയായ ശ്രീമതി.ലിസി അഗസ്റ്റിൻ മാനേജർ - ഇൻ - ചാർജ്ജിനെതിരെയും സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്. നിലവിലെ മാനേജർ ശ്രീ.നൗഷാദ് അപാകതകൾ കണ്ടു പിടിച്ചെങ്കിലും ടിയാന്റെ നാലു മാസക്കാലയളവിൽ നടന്ന പണാപഹരണം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

മത്സ്യവ്യാപാരത്തിനായുള്ള മത്സ്യഫെഡിന്റെ വെബ് പോർട്ടലും, ആപ്പും ഉടൻ പ്രവർത്തന ക്ഷമമാക്കേണ്ടതും ജില്ലാ തലത്തിലും, ഹെഡ് ഓഫീസ് തലത്തിലും മേൽ നോട്ടവും പരിശോധനയും ഉണ്ടാകേണ്ടതുമാണ്.

ഈ സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിജിലൻസ് അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്തു കൊള്ളുന്നു.

ടി റിപ്പോർട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിന് മുൻപാകെ സമർപ്പിക്കുന്നു.

ഫിഷറീസ് രജിസ്ട്രാർ/
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം